**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 24** **04-10-2021 - ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ നൽകിയ അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ കണ്ണമംഗലം വെസ്റ്റ് എം.ഐ.എസ്.എം. യു.പി സ്കൂളിൽ അറബിക് അധ്യാപികയായി 51A ക്ലെയമെന്റ് ആയ ശ്രീമതി സലീന കക്കാട്ടുചാലിക്ക് നിയമനം നൽകണമെന്ന ഹൈക്കോടതി നിർദ്ദേശം നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ടിയാൾ മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ 02.06.2021-ന്ന നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കുമോ; | (എ) | കണ്ണമംഗലം വെസ്റ്റ് എം.ഐ.എസ്.എം.യു.പി. സ്കൂളിൽ 28/07/2003 മുതൽ 04/11/2007 വരെ അറബിക് അധ്യാപികയായി ജോലി ചെയ്ത് അപ്രൂവൽ ലഭിക്കാത്ത ശ്രീമതി. സലീന കക്കാട്ടുചാലി നിയമന അംഗീകാരം ആവശ്യപ്പെട്ട് മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ സമർപ്പിച്ച അപേക്ഷയിന്മേൽ വേങ്ങര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ശ്രീമതി.സലീന കക്കാട്ടുചാലി കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 51 എ അവകാശിയാണെന്നും സ്കൂളിൽ തുടർന്നുണ്ടാകുന്ന അടുത്ത ഒഴിവിൽ ടിയാൾക്ക് നിയമനാംഗീകാരം നൽകണമെന്നും ബഹു. ഹൈക്കോടതി വിധിയുമുണ്ട്. വിധി നടപ്പാക്കുന്നതിന് മാനേജർക്ക് നിർദ്ദേശം നൽകിയിരുന്നു എങ്കിലും ടിയാൻ കോടതി വിധി നടപ്പാക്കാൻ വിസമ്മതം കാണിക്കുന്നതിനാൽ മാനേജർക്കെതിരെ അടിയന്തിര നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ 12/03/2021 ലെ എസ്.സി.3/285/2020/പൊ.വി.വ. കത്ത് പ്രകാരം വേങ്ങര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഈ വ്യക്തിക്ക് അർഹതപ്പെട്ട ജോലി ലഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | കണ്ണമംഗലം വെസ്റ്റ് എം.ഐ.എസ്.എം.യു.പി. സ്കൂളിൽ 28/07/2003 മുതൽ 04/11/2007 വരെ അറബിക് അധ്യാപികയായി ജോലി ചെയ്ത് അപ്രൂവൽ ലഭിക്കാത്ത ശ്രീമതി. സലീന കക്കാട്ടുചാലി നിയമന അംഗീകാരം ആവശ്യപ്പെട്ട് മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ സമർപ്പിച്ച അപേക്ഷയിന്മേൽ വേങ്ങര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ശ്രീമതി.സലീന കക്കാട്ടുചാലി കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 51 എ അവകാശിയാണെന്നും സ്കൂളിൽ തുടർന്നുണ്ടാകുന്ന അടുത്ത ഒഴിവിൽ ടിയാൾക്ക് നിയമനാംഗീകാരം |

| | | | |
|---|---|---|---|
| | | | നൽകണമെന്നും ബഹു. ഹൈക്കോടതി വിധിയുമുണ്ട്. വിധി നടപ്പാക്കുന്നതിന് മാനേജർക്ക് നിർദ്ദേശം നൽകിയിരുന്നു എങ്കിലും ടിയാൻ കോടതി വിധി നടപ്പാക്കാൻ വിസമ്മതം കാണിക്കുന്നതിനാൽ മാനേജർക്കെതിരെ അടിയന്തിര നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ 12/03/2021 ലെ എസ്.സി.3/285/2020/പൊ.വി.വ. കത്ത് പ്രകാരം വേങ്ങര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ